II ഇ. ബി. XIV - കേരള നിയമസഭ/IX- 3

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജനുവരി 30, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6(*91 & 118) അക്കാദമിക് മാസ്റ്റർ പ്ലാൻ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സംസ്ഥാനത്തെ എല്ലാ സ്കൂളുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും 2018 ഫെബ്രുവരി 12-ാം തീയതി പ്രസ്തുത പദ്ധതി ജനകീയമായി പ്രകാശനം ചെയ്യുന്നതാണെന്നും സഭയെ അറിയിച്ചു. വിദ്യാർത്ഥികളുടെ പഠന നിലവാരം പരിശോധിച്ച് പദ്ധതി നടപ്പിൽ വരുത്തുമെന്നും ഓരോ കുട്ടിയുടെയും അറിവും കഴിവും നൈപുണികളും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരവും വികസിപ്പിച്ച് അക്കാദമിക വളർച്ച കൈവരിക്കുക, അദ്ധ്യാപകരുടെയും വിദ്യാഭ്യാസ

വിദഗ്ധരുടെയും ജനപ്രതിനിധികളുടെയും രക്ഷിതാക്കളുടെയും വിദ്യാഭ്യാസ തൽപ്പരരുടെയും സഹായത്താൽ ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ആസൂത്രണവും നിർവ്വഹണവും നടത്തുക, സംസ്ഥാനത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിൽ ഉയർത്തുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യമെന്നും ഇതുമുഖേന അദ്ധ്യയനം കൂടുതൽ ശിശുകേന്ദ്രീകൃതമാകുമെന്നും മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതടക്കമുള്ള കാര്യങ്ങളിൽ അധ്യാപകർക്ക് വിദഗ്ധ പരിശീലനം നൽകുമെന്നും ഹയർ സെക്കന്ററി സ്കൂളുകളിലെ വ്യത്യസ്ത മാസ്റ്റർ പ്ലാനുകളെ ക്രോഡീകരിച്ച് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്നും സോഷ്യൽ ഓഡിറ്റിംഗ് അടക്കമുള്ള ജനകീയ മോണിറ്ററിംഗിലൂടെ പദ്ധതി മോണിറ്റർ ചെയ്യുമെന്നും പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളുടെയും പഠനം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്ര പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടെന്നും ഗണിത, ഭാഷാ പഠനങ്ങൾ ലളിതമാക്കുന്നതിനും വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനോദ്ദേശ്യങ്ങൾ നിശ്ചിത നിലവാരത്തിൽ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതാണെന്നും വിദ്യാർത്ഥികളുടെ വൈവിധ്യമാർന്ന കഴിവുകൾ പ്രോത്സാഹിപ്പിക്കുമെന്നും അടുത്ത അധ്യയന വർഷാരംഭത്തിൽ സംസ്ഥാനത്തെ

എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകൾ പൂർണ്ണമായും ഹൈടെക് ആക്കുന്നതാണെന്നും സിലബസ് കാലികമായി പരിഷ്കരിച്ച് നടപ്പിലാക്കുമെന്നും സ്കൂളുകളിലെ റിസോഴ്സസ് ഷെയർ ചെയ്യുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. ഹയർ സെക്കന്ററി സ്കൂളുകളിലെ ഭരണസംവിധാനം ഏകീകരിക്കുന്നത് ഗൗരവമായി പരിഗണിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രിയും സഭയെ അറിയിച്ചു.

7(*92) <u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിൽ ഉയർത്തുന്നതിനുവേണ്ടി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കുവാനുള്ള അവസരം ഒരുക്കുന്നതിനും അക്കാദമിക അടിസ്ഥാന സൗകര്യവും യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനവും ഉറപ്പാക്കുന്നതിനും ഊന്നൽ നൽകിയിട്ടുണ്ടെന്നും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അക്കാദമിക് എക്സലൻസ് കൊണ്ടുവരുമെന്നും അക്കാദമിക നിലവാരം വർദ്ധിപ്പിക്കുന്നതിലൂടെ സർക്കാർ മേഖലയിലും മറ്റ് വിദഗ്ധ മേഖലകളിലും മികവുള്ള എഞ്ചിനീയർമാരെ

ലഭിക്കുമെന്നും വിദ്യാർത്ഥികൾ എഞ്ചിനീയറിംഗ് പഠനത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് കുറയുമെന്നും മന്ത്രി വ്യക്തമാക്കി. ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവിലെ പ്രശ്നങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതാണെന്നും എഞ്ചിനീയറിംഗ് പഠനത്തിന് ഫീസ് നിശ്ചയിക്കുന്നത് സർക്കാരാണെന്നും ഓരോ വർഷവും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകളുമായി ഫീസ് നിർണ്ണയം സംബന്ധിച്ച് ചർച്ച നടത്തി കരാറിൽ ഏർപ്പെടുകയാണ് പതിവെന്നും കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയെ ജനകീയവൽക്കരിക്കുന്നതിനായി വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുകയും ബോർഡ് ഓഫ് ഗവർണേഴ്സും സെനറ്റും അക്കാദമിക് കമ്മിറ്റിയും പുന:ക്രമീകരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8(*93) <u>സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്വാശ്രയ വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുവാനും പരിഹാര നിർദ്ദേശത്തിനുമായി നിയോഗിച്ച ജസ്റ്റിസ് ദിനേശൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിശദ പഠനം നടത്തിയതിനുശേഷം മാത്രമേ സമഗ്ര സ്വാശ്രയ വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിനും നിലവാരമില്ലാത്ത സ്വാശ്രയ

എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നതിനും എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നത് സംബന്ധിച്ചും തീരുമാനമെടുക്കുവെന്ന് സഭയെ അറിയിച്ചു. സാധ്യതകളും അടിസ്ഥാന സൗകര്യങ്ങളും പരിശോധിച്ച് മാത്രമെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അംഗീകാരം നൽകുവെന്നും പ്രസ്തുത കോളേജുകളിലെ നിയമവിരുദ്ധ നടപടികൾക്കെതിരെ ശക്തമായ നടപടിയെടുക്കുമെന്നും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ വിദ്യാർത്ഥി കൗൺസിൽ, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് മുതലായവ രൂപീകരിക്കുന്നതിനും സർവ്വകലാശാലയിലെ നിലവിലെ ഭരണസമിതികൾ ജനാധിപത്യവത്കരിക്കുന്നതിനും നിയമ ഭേദഗതികൾ വരുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9(*94) <u>ലെവൽസ് എടുത്ത് റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംവിധാനം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, റോഡുകളിൽ ക്ലോസ്ഡ് ഗ്രേഡ് ചിപ്പിങ് കാർപ്പറ്റ് വർക്കുകൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീ ലെവൽ റെഡ്യൂസ്ഡ് ലെവൽ കണക്കാക്കാറില്ലെന്നും ദേശീയപാതാ വിഭാഗത്തിന്റെ അധീനതയിൽ വരുന്ന റോഡുകളിൽ റീ സർഫസിംഗ് നടത്തുന്ന പ്രവൃത്തികൾ ലെവൽസ്

എടുക്കാതെയാണ് നടപ്പിലാക്കുന്നതെന്നും റീ സർഫസിംഗിൽ ബിറ്റുമിൻസ് ലെയറിനുള്ള കനം ഒരേ രീതിയിൽ എന്ന അനുമാനത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും റോഡ് സർഫസിംഗിൽ നിരപ്പില്ലായ്മ പരിഹരിക്കുന്നതിനായി 10 ശതമാനം പ്രൊഫൈൽ കറക്ഷൻ കോഴ്സ് നൽകാറുണ്ടെന്നും സഭയെ അറിയിച്ചു. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 10 ശതമാനത്തിലധികമുള്ള undulation-ന് ലെവൽസ് എടുക്കാതിരുന്നാൽ കൃത്യമായ പ്രൊവിഷൻ കൊടുക്കുന്നതിന് സാധിക്കാറില്ലെന്നും നിലവിൽ എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ശരാശരി വീതിയും സാധാരണ കനവുമാണ് കണക്കാക്കി വരുന്നതെന്നും ലെവൽസ് എടുക്കാതെയുള്ള ടെണ്ടറിൽനിന്നും കരാറുകാർ പിൻമാറുന്ന സാഹചര്യം മറികടക്കാൻ ക്ലോസ്ഡ് ഗ്രേഡ് ഓപ്പൺ ഗ്രേഡാക്കി മാറ്റുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വകുപ്പിന് സ്വന്തമായി ലെവലിങ് സർവ്വേ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ധനവകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സബ് ഡിവിഷൻ തലത്തിൽ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കി ഉദ്യോഗസ്ഥർക്ക് സർവ്വേ നടത്തുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും വർക്ക് ഏറ്റെടുത്തതിനുശേഷം എഗ്രിമെന്റ് വയ്ക്കാതെ പിന്മാറുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ടെന്നും വകുപ്പിലെ ഒഴിവുകളിന്മേൽ സ്ഥിര നിയമനം നടത്തുന്നതുവരെ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ച് മുഖേനയോ കോൺട്രാക്ട് അടിസ്ഥാനത്തിലോ നിയമനം നടത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. മരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയെന്നും എം.എൽ.എ.മാർ ചെയർമാനായി മണ്ഡലാടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിക്കുമെന്നും എസ്റ്റിമേറ്റ് എടുത്ത് ഡി.പി.ആർ. തയ്യാറാക്കുമ്പോൾതന്നെ പദ്ധതികൾക്കാവശ്യമായ തുക ഉൾപ്പെടുത്തണമെന്നും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കുറഞ്ഞ തുക അനുവദിച്ച മണ്ഡലങ്ങൾക്ക് അടുത്ത എസ്.എൽ.റ്റി.എഫ്.ൽ ഉൾപ്പെടുത്തി തുക നൽകുമെന്നും കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പ്രോജക്ടിന്റെ ഭാഗമായി അനുവദിക്കപ്പെട്ട പുനലൂർ-മൂവാറ്റുപുഴ റോഡ് പൂർത്തിയാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1115 മുതൽ 1515 വരെയുള്ള ചോദ്യങ്ങളിൽ 189 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)